Syro Malabar Commission for Liturgy



# നോമ്പ് നാലാം വ്യാഴം - യോഹ 7: 1-13

യഹൂദരുടെ പ്രധാനവും പരിശുദ്ധവുമായ കൂടാരത്തിരുനാളാണ് സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം. പ്രായപൂർത്തിയായ യഹൂദരെല്ലാം ഈ തിരുനാളിന് ജറുസലേമിൽ പോവുക പതിവായിരുന്നു. കൂടാരത്തിരുനാളിന് സകലജനപദങ്ങളും ജറുസലേമിൽ വന്നെത്തുന്ന ദിനങ്ങളെക്കുറിച്ച് സഖറിയായുടെ പുസ്തകം പ്രവചിക്കുന്നു (സഖ 14). ഈ തിരുനാളിന് പോകുവാനും തന്റെ ദൈവത്വം പരസ്യമായി പ്രകടിപ്പിക്കുവാനുമാണ് സഹോദരങ്ങൾ ഈശോയെ നിർബന്ധിക്കുന്നത്. നീ ദൈവമെങ്കിൽ ദേവാലയത്തിന്റെ മുകളിൽനിന്ന് ചാടുകയെന്ന് മരുഭൂമിയിൽവച്ച് പിശാച് ഈശോയെ പ്രലോഭിപ്പിക്കുന്നതായി സമവീക്ഷണസുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇതിന് സമാന്തരമായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന പ്രലോഭനമാണ് ഈ സുവിശേഷഭാഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ‘നീ ജറുസലേമിൽ പോയി ദൈവത്വം തെളിയിക്കുക’ എന്നാണ് സഹോദരന്മാർ ഈശോയോട് ആവശ്യപ്പെടുന്നത്. പക്ഷേ ‘എന്റെ സമയം ഇനിയും ആയിട്ടില്ല’ എന്നു പറഞ്ഞ് ഈശോ പേരിനും പ്രശസ്തിക്കുമുള്ള പ്രലോഭനത്തിൽനിന്നും വഴി മാറിനടക്കുന്നു. നോമ്പുകാലമെന്നത് പേരിനും പെരുമയ്ക്കും വേണ്ടിയുള്ള പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള വേളയാണ്.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്

ReadMore:www.syromalabarliturgy.org